# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 538

11.12.2012 ൽ മറുപടിയ്ക്ക്

## സഹകരണമേഖലയിൽ പുതിയ നിയമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണമേഖലയിൽ ഏതൊക്കെ പുതിയ നിയമങ്ങൾ കൊണ്ടുവന്നുവെന്ന വിശദാംശം ലഭ്യമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് (2),(18), (28) എന്നിവയിൽ ഭേദഗതി വരുത്തിക്കൊണ്ട് കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ഓർഡിനൻസ്, 2012 (9/2012)ഉം, 26/2012-ഉം പുറപ്പെടുവിക്കുകയും, ആയത് സംസ്ഥാന നിയമസഭ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) നിയമം, 2012 ആയി പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. (Act 13 of 2012). കൂടാതെ, 1969-ലെ കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 67, ഉപചട്ടം (4)-ൽ സർക്കാരിന്റെ 14-2-2012-ലെ ജി.ഒ(പി)നം.19/2012/സഹ നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര സഹകരണ സ്ഥാപനങ്ങളുടെ ഭരണ സമിതികളെ പിരിച്ചുവിട്ടു എന്ന വിവരം ലഭ്യമാക്കുമോ; | (ബി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 26 സഹകരണ സംഘങ്ങളുടെ ഭരണസമിതികളെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 32 അനുശാസിക്കുന്ന പ്രകാരം പിരിച്ചുവിട്ടിട്ടുണ്ട്. |
| (സി) ഇവ പിരിച്ചുവിടാനുള്ള കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) ഭരണസമിതികളുടെ ക്രമക്കേടുകൾ, പ്രവർത്തന വൈകല്യം, സഹകരണനിയമം/ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും നിയമാനുസൃത നിർദ്ദേശങ്ങളുടെയും ലംഘനം എന്നീ കാരണങ്ങളാലാണ് ഇവ പിരിച്ചുവിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ